(ബി) തലസ്ഥാനത്തും മറ്റു വിവിധ സ്ഥലങ്ങളിലും ജോലി ചെയ്യുന്ന സ്ഥിരം യാത്രക്കാർക്ക് ഇത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ട്രെയിനുകൾ സമയനിഷ്ഠ പാലിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. വിശ്വനാഥൻ):

(എ ആന്റ് ബി) ഉണ്ട്.

(സി) കേരളത്തിൽ ഓടുന്ന തീവണ്ടികൾ സമയനിഷ്ഠ പാലിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിന് റെയിൽവേ അധികൃതരോടഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ലൈൻ ഇരട്ടിപ്പിക്കലും, വൈദ്യുതീകരണവും പൂർത്തിയാകുന്നതോടെ ഇതിന് ശാശ്വതമായ പരിഹാരം കാണുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

അസംഘടിതരായ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകാൻ നടപടി

*18 [107] ശ്രീ. കളത്തിൽ അബ്ദുള്ള:

,, കെ. എൻ. എ. ഖാദർ:

,, പി. കെ. കെ. ബാവ:

,, നാലകത്ത് സൂപ്പി:

,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അസംഘടിതരായ തൊഴിലാളികൾക്കുവേണ്ടി സമഗ്ര സേവന വേതന വ്യവസ്ഥകളും ക്ഷേമനിധി ആനുകൂല്യങ്ങളും ഏർപ്പെടുത്തുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

കേരളത്തിലെ അസംഘടിതരായ തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷിതത്വം നൽകുന്നതിന് "കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി" കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. ഇതിൽ ഉൾപ്പെട്ട അലക്ക്, ബാർബർ ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾക്ക് പ്രത്യേകം പ്രത്യേകം ക്ഷേമപദ്ധതികൾ 2004-ൽ രൂപീകരിച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികൾ, കടകളും വാണിജ്യ സ്ഥാപനങ്ങളിലെയും തൊഴിലാളികൾ, മരംകയറ്റ തൊഴിലാളികൾ, ആഭരണ നിർമ്മാണ തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ എന്നിവർക്ക് പ്രത്യേകം ക്ഷേമപദ്ധതികൾ രൂപീകരിക്കുന്ന കാര്യവും സർക്കാർ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly